# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3204 07.11.2019 ൽ മറുപടിക്ക്

### റവന്യൂ വകുപ്പിൽ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ലാൻഡ് റവന്യൂ വകുപ്പിൽ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി ഇല്ലാത്തതുമൂലം റവന്യൂ റിക്കവറി, ലാൻഡ് അക്വിസിഷൻ, സർവ്വേ എന്നീ സ്പെഷ്യൽ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസുകളുടെ തുടർച്ചാനുമതിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര തസ്തികകൾക്കാണ് ഓരോ വിഭാഗത്തിലും തുടർച്ചാനുമതി ആവശ്യപ്പെട്ടിട്ടുള്ളത്; | (ബി) | സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താൽക്കാലിക തസ്തികകൾക്കും സർവ്വെയും ഭൂരേഖയും വകുപ്പിലെ 2999 താൽക്കാലിക തസ്തികകൾക്കും തുടർച്ചാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 34 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 485 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്ന പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | T2/17/2016/Rev. നമ്പർ ഫയൽ പ്രകാരം റവന്യൂ റിക്കവറി യൂണിറ്റുകളിൽ നിലവിലുള്ള തസ്തികകൾക്ക് അംഗീകാരം നൽകുന്ന പ്രൊപ്പോസൽ കാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ, | (സി) & (ഡി) | റവന്യൂ റിക്കവറി യൂണിറ്റുകളിൽ നിലവിലുള്ള തസ്തികകൾക്ക് തുടർച്ചാനുമതി നൽകി 04.11.2019 ലെ സ.ഉ(കൈ)നം.334/2019/റവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇതിന് അംഗീകാരം നൽകി ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും എത്രയും വേഗം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**